# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5045** **27.06.2019-ൽ മറുപടിക്ക്**

## <u>സുരക്ഷാക്രമീകരണങ്ങൾ ശക്തിപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.സണ്ണി ജോസഫ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ചാവേർ ആക്രമണം നടത്തുന്നതിന് ഐ.എസ്.പദ്ധതി ഇട്ടിരുന്നതായിട്ടുള്ള റിപ്പോർട്ടുകൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) പരിഗണിച്ചിട്ടുണ്ട്. |
| (ബി) ശ്രീലങ്കയിൽ ഈസ്റ്റർ ദിനത്തിൽ ചാവേർ ആക്രമണം നടത്തിയവർ കേരളം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പരിശീലനത്തിനായി സന്ദർശിച്ചിരുന്നുവെന്ന ശ്രീലങ്കൻ ആർമി ചീഫിന്റെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സുരക്ഷാക്രമീകരണങ്ങൾ ശക്തിപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) ശ്രീലങ്കയിൽ ഈസ്റ്റർ ദിനത്തിൽ ഉണ്ടായ ചാവേർ ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കാൻ ജില്ലാ പോലീസ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ആക്രമണം നടത്തിയവർ കടൽമാർഗ്ഗം കേരളത്തിലേക്ക് എത്തിച്ചേരുവാനുള്ള സാധ്യതകൾ മുൻനിർത്തി തീരദേശത്ത് കർശന പട്രോളിംഗ് ഉറപ്പുവരുത്തുവാൻ കോസ്റ്റൽ സെക്യൂരിറ്റി എ.ഡി.ജി.പി-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിദേശ ഭീകര സംഘടനകളുമായി ബന്ധമുള്ളതെന്ന് ആരോപിക്കപ്പെട്ടിട്ടുള്ള പ്രസ്ഥാനങ്ങളേയും, അവയുടെ പ്രവർത്തനങ്ങളേയും സൂക്ഷ്മമായി നിരീക്ഷിക്കാൻ ഇന്റലിജൻസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

ചാവേർ ആക്രമണത്തിന് നേതൃത്വം നൽകിയതായി സംശയിക്കുന്ന ശ്രീലങ്കൻ സംഘടനയായ National Towheed Jamaath-ന്റെ പ്രവർത്തനങ്ങളുമായി സാമ്യമുള്ള സംഘടനകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് വേണ്ട നടപടികൾ സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ചെയ്തു വരുന്നു. തന്ത്ര പ്രധാന മേഖലകൾക്കും ആരാധനാലയങ്ങൾക്കും പ്രത്യേക സുരക്ഷയേർപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശം അധികാരികൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ കോസ്റ്റ് ഗാർഡ്, നാവിക സേന, കേന്ദ്ര ഏജൻസികൾ എന്നിവർക്ക് വിവരങ്ങൾ കൈമാറുകയും ചെയ്തിട്ടുണ്ട്.

(സി) വിധ്വംസക പ്രവർത്തകർ സംസ്ഥാനത്ത് പല ഭാഗത്തും പ്രവർത്തിക്കുന്നതായും വിദേശ ഭീകരസംഘടനകളുമായി സംസ്ഥാനത്തുള്ള ഈ പ്രസ്ഥാനങ്ങൾക്ക് ബന്ധമുള്ളതായുമുള്ള റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ സംസ്ഥാനത്തെ ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് പഴുതടച്ച സംവിധാനം ഒരുക്കുന്നതിനെക്കുറിച്ച് ഗൗരവമായി പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

(സി) സംസ്ഥാനത്തെ ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നത് ഗൗരവമായിത്തന്നെയാണ് സർക്കാർ പരിഗണിക്കുന്നത്.

**സെക്ഷൻ ഓഫീസർ**